**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **14-03-2022 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി വരിട്ട്യാക്കിൽ സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട താമരശ്ശേരി വരിട്ട്യാക്കിൽ സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | താമരശ്ശേരി വരിട്ട്യാക്കിൽ റോഡ് പ്രവൃത്തി 17 കി.മി ഡി.ബി.എം പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി പ്രവൃത്തികൾ തുടങ്ങേണ്ടതുണ്ട്. |
| (ബി) | ഇതിന്റെ പൂർത്തീകരണ കാലാവധി എന്നായിരുന്നു; എത്ര പ്രാവശ്യം കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 11.08.2019 വരെ ആയിരുന്നു. നാല് തവണകളിലായി 31.12.2021 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 31.12.2022 വരെ വീണ്ടും കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ട്. |
| (സി) | ഇതിന്റെ മൊത്തം കരാർ തുക എത്രയാണ്; എത്ര തുക ഇതുവരെയായി കരാറുകാരന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവൃത്തിയുടെ കരാർ തുക 29,62,99,688.19/- രൂപയാണ്. നാളിതുവരെ 20,08,17,959.19/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. |
| (ഡി) | ഇതിന്റെ ബി.സി. വർക്കുകൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും; | (ഡി) | 31.03.2022 തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഇ) | കോഴിക്കോട് ജില്ലയിൽ അപ്ഗ്രഡേഷന് തിരഞ്ഞെടുക്കപ്പെട്ട ഈ റോഡിന്റെ തുടർ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; | (ഇ) | പ്രസ്തുത റോഡിന്റെ തുടർ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കേണ്ടതുണ്ട്. |
| (എഫ്) | മാനിപുരം, കരുവംപോയിൽ തുടങ്ങിയ ടൗണുകളിൽ റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ? | (എഫ്) | പ്രസ്തുത റോഡിന്റെ തുടർ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ